# MTLPS
# ഇടപ്പാവൂർ

---

# അക്കാദമിക മാസ്റ്റർ പ്ലാൻ

(2025-26)

# ആമുഖം.

അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും അറിവിന്റെ വെളിച്ചത്തിലേക്ക് ഒരു ഗ്രാമജനതയെ ഒന്നടങ്കം കൈപിടിച്ചുയർത്തിയ ഒരു മാതൃക വിദ്യാലയമാണിത്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാവുകയും അതിന്റെ ഫലമായി അവികസിത പ്രദേശങ്ങളിൽപോലും ധാരാളം പള്ളിക്കൂടങ്ങൾ ആരംഭിക്കുകയും ചെയ്തു. മർത്തോമ സഭയും ഇത്തരം ധാരാളം സ്കൂളുകൾ ആരംഭിച്ചു. അങ്ങനെ ഇടപ്പാവൂർ ഗ്രാമത്തിൽ 1914-ൽ 1,2 ക്ലാസുകളോടുകൂടി ഈ വിദ്യാലയം ആരംഭിച്ചു. 2 വർഷത്തിനുശേഷം ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും 3, 4, 5 ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. കുട്ടികളുടെ കുറവ് മൂലം 5-ാം ക്ലാസ് നിർത്തലാക്കി ഇപ്പോൾ 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ അധ്യയനം നടന്നു വരുന്നു. ഇപ്പോൾ മർത്തോമ കോർപറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ വെണ്ണിക്കുളം ഉപജില്ലയിൽ പ്രവർത്തിക്കുന്നു.

## ഉള്ളടക്കം


- ആമുഖം
- വിദ്യാലയ ലഘുചരിത്രം
- വിദ്യാലയത്തിലെ അടിസ്ഥാന വിവരങ്ങൾ
- നിലവിലെ അവസ്ഥ വിശകലനം
- അക്കാദമിക നേട്ടങ്ങൾ.
- സമഗ്രഗുണമേന്മയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- മികവിനായ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ.
- മോണിട്ടറിംഗ്
- ഉപസംഹാരം.

| അധ്യാപകർ | ക്ലാസ് | ആൺ | പെൺ | ആകെ. |
|---|---|---|---|---|
| HM<br>ശ്രീമതി. സ്മിത ജെയി. | . | - | - | - |
| LPSA (D/W)<br>ശ്രീ. കശ്യപ്. പി. തോമ്മിൻ | 1 | 1 | - | 1 |
| | 2 | 1 | 1 | 2 |
| LPSA (D/W)<br>ശ്രീ. അലൻ ജോർജ് തൈനാൻ. | 3 | 2 | - | 2 |
| | 4 | 2 | - | 2. |
| നഴ്സറി<br>ശ്രീമതി രാജി. V R. | | 2 | 1 | 3 |

# ശതാബ്ദി ആഘോഷങ്ങൾ

1914-ൽ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ശതാബ്ദി സമുചിതമായി ആഘോഷിച്ചു. 2013 സെപ്റ്റംബർ മാസം 19-ാം തിയതി ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും പൂർവ്വ വിദ്യാർത്ഥി സംഗമവും നടത്തി. ഈ അവസരത്തിൽ സ്കൂളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുകയും അതനുസരിച്ച് പൂർവ്വവിദ്യാർത്ഥികളുടെയും നല്ലവരായ നാട്ടുകാരുടെയും സഹകരണത്തോടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഒട്ടേറെ നടത്തുവാൻ സാധിച്ചു. 2015 ജനുവരി മാസം 9-ാം തിയതി വിപുലമായ പരിപാടികളോടെ ശതാബ്ദി ആഘോഷങ്ങളുടെ സമാപനവും നടത്തി.

# ആവശ്യങ്ങൾ

1. ചുറ്റുമതിൽ

സാമൂഹ്യദ്രോഹികൾ സ്കൂളിലെ ബാനറുകൾ കീറുകയും അവരുടെ ഇടത്താവളങ്ങൾ ആക്കി മാറ്റുകയും ചെയ്യുന്നു. ഇതിനാൽ ചുറ്റുമതിൽ ആവശ്യമാണ്.

2. പാചകപ്പുര

നൂതന സംവിധാനങ്ങളുള്ള ഒരു നല്ല പാചകപ്പുര ആവശ്യമാണ്

3. ഫർണിച്ചർ

ബെഞ്ച്, മേശ, ഷെൽഫ്, റാക്ക്

4. അധ്യാപകരുടെ കുറവ്.

HM ഉൾപ്പെടെ 3 അധ്യാപകർ ആണ് ഉള്ളത്. 4 ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ 1 അധ്യാപകൻ ആവശ്യമാണ്.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ, ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതുവാനും വായിക്കുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
3. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
4. സർഗാത്മപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്ര വിദ്യാഭ്യാസം
5. മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.

# രക്ഷകർതൃ സംഘടന

ഈ അധ്യയന വർഷത്തിൽ PTA President സജിപോളിനെയും വൈസ് പ്രസിഡന്റ് ശ്രീമതി ശ്രീജാ രതീഷിനെയും തിരഞ്ഞെടുത്തു. MPTA പ്രസിഡന്റ് ശ്രീമതി അൻസു ജോബി എന്നിവരെ തിരഞ്ഞെടുത്തു. PTA പ്രസിഡന്റും അംഗങ്ങളും പുതിയ വർഷത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സ്കൂളിലെ ജാഗ്രതാ സമിതി രൂപീകരിച്ചു. PTA അംഗങ്ങൾ ചേർന്ന് ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. കല - ശാസ്ത്രമേള ഇനങ്ങളിൽ കഴിഞ്ഞ വർഷത്തെ പോലെ ഈ വർഷവും മികച്ച വിജയം നേടുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് രക്ഷകർത്താക്കളുടെ ഭാഗത്ത് നിന്ന് പിൻതുണ നൽകാമെന്ന് PTA പറഞ്ഞു. സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കാനും ആസൂത്രണം ചെയ്തു.

## സമഗ്ര ഗുണമേന്മയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

വളർന്നു വരുന്ന ചുറ്റുപാടിൽ കുട്ടികളെ സാമൂഹ്യബോധമുള്ളവരായി തീർത്ത് നല്ല മനുഷ്യരാക്കുവാൻ സമഗ്ര-ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ജൂൺ 3 മുതൽ 13 വരെ വിവിധ പ്രവർത്തനങ്ങൾ ഏതുപ്രകാരം നടത്തണമെന്ന് തീരുമാന-മെടുത്തു. സമൂഹത്തിന് വിപത്താകുന്ന വിവിധ പ്രവർത്തികൾക്കെ-തിരെ അവബോധം ഉണ്ടാക്കാൻ കുട്ടികൾക്ക് കഴിയണം എന്നാണ് പ്രധാന ലക്ഷ്യം. ജൂൺ 3-ാം തിയതി മയക്കുമരുന്ന്, ലഹരി എന്നിവിഷയ-വും 4-ാം തിയതി റോഡ് സുരക്ഷയും 5-ാം തിയതി ശുചിത്വ പ്രവർത്ത-നങ്ങളും സ്കൂൾ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും. ജൂൺ 7-ാം തിയതി ആരോഗ്യം. വ്യായാമം അതുപോലെ ജൂൺ 10 ന് ഡിജിറ്റൽ അച്ചടക്കം, ജൂൺ 11 ന് പൊതുമുതൽ സംരക്ഷണം, ജൂൺ 12 ന് പരസ്പര സഹകരണത്തിന്റെ പ്രാധാന്യവും ജൂൺ 13 ന് ഇവയുടെ ക്രോഡീകരണവുമാണ് നടത്തുന്നത്. ഈ ആശയ കുട്ടികളിൽ എത്താൻ വിവിധ ബോധവൽകരണ ക്ലാസുകളും വീഡിയോ പ്രദർശനവും പ്രദർശിപ്പിക്കുവാൻ നിശ്ചയിച്ചു ആദ്യം വിവിധ പ്രവർത്തനങ്ങളും അസംബ്ലിയിൽ ഇവയെ കുറിച്ച് ആസൂത്രണം ചെയ്തു.

| പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
| --- | --- | --- | --- | --- | --- |
| വായിക്കാം പറയാം | എല്ലാ കുട്ടികളും ഓരോ ലിപിയറിഞ്ഞ് യോജ്യമായ വിധം മികച്ച ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷികൾ നേടി എടുപ്പിക്കുക | വായനാകാർഡുകൾ നിർമ്മിച്ച് നൽകി വായനയെ പ്രോത്സാഹിപ്പിക്കുന്നു | 10 മിനിട്ട് | കാവ്യ പി. ജോൺസൺ<br>രമ്യ V.R | |
| മധുര മലയാളം | എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും | പാഠങ്ങൾക്കനുയോജ്യമായി ശേഖരിച്ച് ചെയ്യുന്നു. തെറ്റില്ലാതെ എഴുതാനും വായിക്കാനും ഓരോ ക്ലാസിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു | 7 മിനിട്ട് | | |
| വായനാ ചങ്ങാത്തം | എല്ലാ കുട്ടികളിലും വായനാ ഉറപ്പാക്കൽ | ചെറു വായനാകാർഡുകൾ നൽകി വായനയെ പ്രോത്സാഹിപ്പിക്കുന്നു വെള്ളിയാഴ്ചകളിലെ സർഗ്ഗവേളയിൽ കഥ, കവിത, വിവരണം എന്നിവ | | | |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികൾ അവതരിപ്പിക്കുന്നു | | | |
| പതിപ്പുകൾ തയ്യാറാക്കൽ | സർഗ്ഗാത്മക രചനകളുടെ അവതരണങ്ങൾ | ഓരോ കുട്ടിയും അവരുടെ പാഠഭാഗവുമായി ബന്ധപ്പെട്ട രചനകളും ചിത്രങ്ങളും ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കുന്നു. | 10 മാസം. | | |
| അമ്മ വായന | മാതാപിതാക്കളിൽ സാഹിത്യാഭിരുചി വളർത്തുക, വായനാശീലം വളർത്തുക. | പുസ്തകം അമ്മമാർക്ക് വിതരണം ചെയ്യൽ വായനാമത്സരം, പൊതുവിജ്ഞാന മത്സരം എന്നിവ സംഘടിപ്പിക്കുന്നു. ആഴ്ചയിൽ ഒരു കഥ അമ്മ കുട്ടികൾക്കായി പറയുന്നു | June to Mach | | |
| പത്രവായന | ഭാഷാ പരിപോഷിപ്പിക്കൽ | വായന വളർത്തുന്നതിനായി അസംബ്ലിയിൽ ദിവസവും പത്രവായന നടത്തുന്നു | June to Mach | School leader | |

ഇംഗ്ലീഷ്.

| പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| New words | ഇംഗ്ലീഷ് വാക്കുകൾ കൂടുതലായി അറിയുക. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്. | ദിവസം രാവിലെ ബോർഡിൽ ഒരു New word എഴുതിയിടുന്നു. Tr വായിച്ചു പഠിപ്പിക്കുന്നു. കുട്ടികൾ പഠിച്ചെടുക്കുന്നു. | June-March | അലൻ ജോർജ്ജ് ഹന്നാൻ രാജി.VR | |
| Learn English | ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന്. | കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യുന്നതിനായി classroom English, speaking English, Hello English എന്നിവ നടത്തിവരുന്നു. | June to March. | | |
| Hello English. | ഇംഗ്ലീഷ് പേടിക്കാതെ കൈകാര്യം ചെയ്യുന്നതിന് | English ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനു സഹായമാകുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നൽകുന്നു | | | |

| | | | | | |
|---|---|---|---|---|---|
| English Fest | ഇംഗ്ലീഷ് ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | കുട്ടികൾ പഠിക്കുന്ന പാഠത്തിലെ Rhymes, story, poems, Actions, songs, discription ഉൾപ്പെടുത്തി English fest നടത്തുന്നു. | January to March | | |

| ഗണിതം. പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| ഗണിതം ലളിതം. | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികളും ഉറപ്പാക്കുക. | അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുന്നതിനായി പ്രവർത്തനം നൽകുന്നു | 32 മണി | സ്മിത ജോയി | |
| ഗണിതം മധുരം | ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക. | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു | 32 മണി | | |
| ഗണിത വിജയം | അടിസ്ഥാന ശേഷി ഉറപ്പിക്കൽ | ഗണിതശേഷികൾ ഉറപ്പിക്കുന്നതിനായി കളികളിലൂടെ ഗണിതപ്രവർത്തനം നടത്തുന്നു | June to March | | |
| ഉല്ലാസഗണിതം | അടിസ്ഥാന ശേഷി നേടൽ | 1,2,3,4 ക്ലാസിലെ കുട്ടികളിലെ ഗണിതത്തിലെ അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നതിന് കളിയിലൂടെ പ്രവർത്തനങ്ങൾ നടത്തുന്നു | June to March | | |

| പേര് | ലക്ഷ്യങ്ങൾ | പരിസരപഠനം<br>പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| പരീക്ഷണം | ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം വളർത്തുന്നതിന് | ക്ലാസുകളിലെ ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു. പുതിയ പരീക്ഷണങ്ങൾ ചെയ്തു നോക്കുന്നു. | ജൂൺ to മാർച്ച് | അലൻജോർജ് ജെന്നാൻ. അനൂപ് പി. ജോൺവിൽ | |
| പ്രകൃതി നടത്തം | ചുറ്റുപാടിനെ കുറിച്ച് അറിവ് നേടൽ. | പഠനവിഷയവുമായി ബന്ധപ്പെടുത്തി ചുറ്റുപാടിലെ പ്രാദേശിക അറിവ് നേടൽ. ചുറ്റുപാടിനെ അറിയാൻ അവസരം നൽകുന്നു | June to March | | |
| | പ്രകൃതിദത്ത വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. | പ്രകൃതിയോട് ഇണങ്ങിച്ചേർന്ന് പ്രകൃതിയിലെ വസ്തുക്കൾ ഉപയോഗിച്ച് ഉപകരണങ്ങൾ വസ്തുക്കൾ നിർമ്മിക്കുക. നിർമ്മാണ പ്രവർത്തനങ്ങൾ നൽകുന്നു | 10 min | | |

കലാ പ്രവൃത്തി പരിചയ പരിശീലനം.

| പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാ | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| കലാപഠനം | കുട്ടികളുടെ സർഗാത്മകത കണ്ടെത്തൽ | > നാടൻപാട്ട് പരിശീലനം നടത്തുന്ന<br>> കവിതാ പാരായണം<br>> കഥ പറയൽ.<br>> കടങ്കഥ പയറ്റ് | 1 വർഷം | | |
| പ്രവൃത്തി പരിചയം | പാഴ്‌വസ്തുക്കളിൽ നിന്ന് പുതിയ വസ്തുക്കൾ ഉണ്ടാക്കാനുള്ള പ്രോത്സാഹനം നേടൽ. | > ഉപയോഗ ശൂന്യമായ വസ്തുക്കളിൽ നിന്നും പുതിയ ഉപകരണങ്ങൾ. വസ്തുക്കൾ ഉണ്ടാക്കുന്ന പ്രവർത്തനം | " | അധ്യാപകർ രക്ഷാകർത്താക്കൾ കുട്ടികൾ. | |
| പ്രവൃത്തി പരിചയം | ചിലവു കുറഞ്ഞ പഠനോപകരണങ്ങൾ നിർമ്മിക്കാൻ | പുതിയ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | " | | |

| പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അറിവ് നേടാം. | ICT സാധ്യത ഫലപ്രദമായി ഉപയോഗിക്കുന്നു. | പഠനത്തിനാവശ്യമായ വിവരങ്ങൾ, വിവര സാങ്കേതിക വിദ്യയിലൂടെ പ്രയോജനപ്പെടുത്തുക.<br>, ഓരോ ക്ലാസിലും അനുയോജ്യമായ ICT സാധ്യത പ്രയോജനപ്രദമാകുന്നു | 1 വർഷം | സ്മിതടീച്ചർ, അലൻ ക്ലാർക്ക് നൈനാൻ | |
| കളിക്കാം പഠിക്കാം | കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരങ്ങൾ | ആവശ്യമായി കമ്പ്യൂട്ടർ പരിചയപ്പെടുത്തുന്നു<br>Games, puzzles പരിചയപ്പെടുത്തുന്നു | " | | |

## ആരോഗ്യ കായിക വിദ്യാഭ്യാസം

| പേര് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എന്റെ ആരോഗ്യം | എല്ലാ കുട്ടികൾക്കും കായികാരോഗ്യം ഉറപ്പാക്കുക. | സ്കൂൾ അസംബ്ലിയിൽ വ്യായാമങ്ങൾ ചെയ്യുന്നു | വർഷം | കശ്യപ്. പി. തോമ്പിൽ | |
| ശുചിത്വ സുന്ദരം | ചുറ്റുപാടും മാലിന്യ-മുക്തമാക്കുക. | ചുറ്റുപാടിനെ മാലിന്യമുക്ത-മാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. പ്ലാസ്റ്റിക് വസ്തുക്കൾ ഉപേക്ഷിക്കുന്നു. ക്ലാസ്റൂം വൃത്തിയായി സൂക്ഷിക്കുന്നു. | " | | |
| ആരോഗ്യശീലം | ആരോഗ്യശീല-ങ്ങൾ വളർത്തുക. | ദൈനംദിന ആരോഗ്യ പരിപാലന പരിപാടികൾ നടത്തുന്നു. | " | | |

## മോണിട്ടറിംഗ്

ദൈനംദിന പ്രവർത്തനങ്ങളിൽ സ്കൂൾ HM, SGG കൺവീനർ PTA, SS.G, L.A.C എന്നിവയിലെ അംഗങ്ങൾ മോണിട്ടറിംഗ് നടത്തുന്നു

## ഉപസംഹാരം

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികളെയെല്ലാം പൊതു വിദ്യാലയങ്ങളിൽ എത്തിക്കുകയും ചെയ്യുന്നതാണ് ലക്ഷ്യം. വിവിധ തലത്തിൽ നടന്ന ചർച്ചകളുടെ ക്രോഡീകരണവഴി ഈ വിദ്യാലയത്തിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നു.